**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3035** **10-03-2025 - ൽ മറുപടിയ്ക്ക്**

**കടൽ മണൽ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യബന്ധന മേഖലയിൽ കേന്ദ്രനയത്തിന്റെ ഭാഗമായി കടൽ മണൽ ഖനനത്തിന് അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ? | (എ) | കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ 2023 ഫെബ്രുവരി 9 ന് നൽകിയ നോട്ടിഫിക്കേഷൻ പ്രകാരം ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് & റെഗുലേഷൻ) ആക്ട് - 2002 (OAMDR Act) ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിക്കുകയും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും ആയതിനെ കുറിച്ച് അഭിപ്രായം അറിയിക്കുന്നതിന് 2023 മാർച്ച് 11 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പ്രസ്തുത കരട് ഭേദഗതി ആക്ട് പരിശോധിച്ചപ്പോൾ പ്രസ്തുത ഭേദഗതി ആക്ട് കേരളത്തിലെ മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ബോധ്യപ്പെടുകയും കടൽ തട്ട് ഖനനം ചെയ്യുന്നതിനുള്ള നിയമ ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കണം എന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽ മുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാവും എന്ന കാര്യത്തിൽ സംശയമില്ല. വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ കൃത്യമായി കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.<br><br>കടലിന്റെ അടിത്തട്ടിലെ ധാതു ഖനനം ടെറിട്ടോറിയൽ മേഖല, പ്രത്യേക സാമ്പത്തിക മേഖല (Exclusive Economic Zone), ആഴക്കടൽ മേഖല |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിലാണ് നടക്കുന്നത്.ഈ പ്രദേശത്തുള്ള കടൽ ഖനനം നമ്മുടെ നാട്ടിലെ കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. കടൽ ഖനനത്തിനായും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായും തീരക്കടലിൽ എത്തുന്ന നിരവധി കപ്പലുകൾ / ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും. അടിത്തട്ടിലെ ധാതു ഖനനം കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യ ഉത്പാദനം ഗണ്യമായി കുറയാനും കാരണമാവും. താരതമ്യേന വിലകുറഞ്ഞ മാംസ്യ സ്രോതസ്സായ മത്സ്യത്തിന്റെ ലഭ്യത കുറവ് പൊതുജന ആരോഗ്യത്തെ നേരിട്ട് ബാധിക്കും. ധാതു ഖനനം കടലിന്റെ അടിത്തട്ടിൽ അധിശോഷണാവസ്ഥയിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽ ജലത്തിന്റെ മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. അതുപോലെ അടിത്തട്ടിലെ ധാതു ഖനനം കടൽ ജലം കലങ്ങുന്നതിന് കാരണമാകുന്നു. ഇത് കടലിലെ പ്രകാശിത മേഖലയുടെ (കടലിലെ ജലത്തിൽ പ്രകാശ രശ്മികൾ എത്തിച്ചേരുന്ന ആഴ പ്രദേശം) ശോഷണത്തിന് ഹേതുവാകുന്നു. പ്രകാശിത മേഖലയുടെ ശോഷണം കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് (പ്രാഥമിക ഉത്പാദനം) ഗണ്യമായി കുറയുവാൻ കാരണമാകുന്നു. കടലിലെ പ്രാഥമിക ഉത്പാദനമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തു ജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽ വെള്ളത്തിലെ കലക്കൽ മത്സ്യ ലഭ്യത നന്നേ കുറയാനും കാരണമാകും. |

സെക്ഷൻ ഓഫീസർ